# പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1346** — **03.10.2016-ൽ മറുപടിക്ക്**

### പുത്തലത്ത് നസീറുദ്ധിന്റെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം പഞ്ചായത്തിൽ പുത്തലത്ത് നസീറുദ്ധിൻ കൊല ചെയ്യപ്പെട്ടത് എന്നായിരുന്നു; പ്രസ്തുത കേസിനോടനുബന്ധിച്ച് എത്ര പ്രതികളെ പോലീസ് ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്;

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം പഞ്ചായത്തിൽ പുത്തലത്ത് നസീറുദ്ധിൻ കൊല ചെയ്യപ്പെട്ടത് 15.07.2016 തീയതിയിലായിരുന്നു. ഇതു സംബന്ധിച്ച് 4 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളുടെ പേര്, അറസ്റ്റ് രേഖപ്പെടുത്തിയ തീയതി, ഇവർക്കെതിരെ ചുമത്തിയ വകുപ്പുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കുറ്റ്യാടി പോലീസ് സ്റ്റേഷൻ ക്രൈം നം. 634/2016 എന്ന കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളുടെ പേര്, അറസ്റ്റ് രേഖപ്പെടുത്തിയ തീയതി, ഇവർക്കെതിരെ ചുമത്തിയ വകുപ്പുകൾ എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രതിയുടെ പേര് | അറസ്റ്റ് ചെയ്ത തീയതി | ചുമത്തിയ വകുപ്പുകൾ |
|---|---|---|---|
| 1) | ബഷീർ, S/o. അമ്മദ് | 17/07/16 | U/s. 302 r/w 34 IPC |
| 2) | അന്ത്രു, S/o.ഇബ്രാഹിം | 17/07/16 | U/s. 302 r/w 34 IPC |
| 3) | റഫീഖ്, S/o. അമ്മദ് | 22/07/16 | U/s. 201, 202, 212 IPC |
| 4) | റഫീഖ്, S/o. സൂപ്പി | 06/08/16 | U/s. 201, 202, 212 IPC |

(സി) കേസന്വേഷണത്തിന്റെ ചുമതല ആർക്കാണ്; കേസിൽ എത്ര പ്രതികളെ കൂടി ഇനി അറസ്റ്റ് ചെയ്യാനുണ്ട്;

(സി) കുറ്റ്യാടി പോലീസ് ഇൻസ്പെക്ടർക്കാണ് കേസന്വേഷണത്തിന്റെ ചുമതല. ഇനി 3 പേരെ കൂടി ടി കേസ്സിൽ അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി) പ്രതികൾ ഏതു രാഷ്ട്രീയ പാർട്ടികളുടെ അനുഭാവികളാണെന്ന കാര്യം വ്യക്തമാക്കുമോ;

(ഡി) പ്രതികൾ എസ്.ഡി.പി.ഐ. പ്രവർത്തകർ ആണെന്ന് വെളിവായിട്ടുണ്ട്.

(ഇ) പ്രതികളുടെ അറസ്റ്റും കുറ്റപത്ര സമർപ്പണവും താമസിക്കുന്നത് പ്രതികൾക്ക് ജാമ്യം ലഭിക്കുന്നതിനും കേസ് ദുർബ്ബലപ്പെടുത്തുന്നതിനും കാരണമാവുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ;

(ഇ) പ്രതികളിൽ 2 പേർ വിദേശത്താണുള്ളത്. RCELൽ നിന്നും കേസിന്റെ തെളിവിലേക്കുള്ള രാസപരിശോധനാ ഫലം കിട്ടാത്തതിനാലും പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളതിനാലും ആണ് കുറ്റപത്രം സമർപ്പിക്കാൻ വൈകുന്നത്. കേസ് ദുർബ്ബലപ്പെടുത്തുന്ന നടപടികൾ പോലീസ് സ്വീകരിച്ചിട്ടില്ല. പരമാവധി വേഗത്തിൽ കുറ്റപത്രം സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്ത് കേസിന്റെ കുറ്റപത്രം എന്നത്തേക്ക് കോടതിയിൽ സമർപ്പിക്കാനാകുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ നൽകുമോ?

(എഫ്) രാസപരിശോധനാ ഫലം ലഭ്യമാകുന്ന മുറയ്ക്ക് കുറ്റപത്രം സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ